# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

## ബുള്ളറ്റിൻ ഭാഗം - 2

## 2018 ഡിസംബർ 1

## ഭരണഘടനാ സാക്ഷരതാ പുസ്തക പ്രകാശനം

നമ്പർ : **566**

ഇൻഡ്യൻ ഭരണഘടനയെ സംബന്ധിച്ച് അടിസ്ഥാനപരമായ അവബോധം സൃഷ്ടിക്കുക എന്ന ഉദ്ദേശത്തോടെ കേരള നിയമസഭയുടെയും കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന 'ഭരണഘടനാ സാക്ഷരത - ജനകീയ വിദ്യാഭ്യാസ പരിപാടി'യ്ക്കായി തയ്യാറാക്കിയിട്ടുള്ള കൈപുസ്തകമായ '**ഭരണഘടനാ സാക്ഷരതാ പുസ്തക**'ത്തിന്റെ പ്രകാശനകർമ്മം 2018 ഡിസംബർ 6 (അംബേദ്കർ ചരമദിനം)-ന് നിയമസഭാ സമ്മേളനത്തിന് ശേഷം (വൈകുന്നേരം 03.00 മണി) നിയമസഭാ മന്ദിരത്തിലെ ആർ.ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ സംഘടിപ്പിക്കുന്ന ചടങ്ങിൽ ബഹു. നിയമസഭാ സ്പീക്കർ **ശ്രീ.പി.ശ്രീരാമകൃഷ്ണൻ**, ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി **പ്രൊഫ.സി. രവീന്ദ്രനാഥിന്** നൽകി നിർവഹിക്കുന്നതാണ്. ബഹു.ഡെപ്യൂട്ടി സ്പീക്കർ **ശ്രീ. വി.ശശി** അദ്ധ്യക്ഷത വഹിക്കുന്ന പരിപാടിയിൽ ഭരണഘടനയെ സംബന്ധിച്ച് **ജസ്റ്റിസ്(റിട്ട.) കെ.കെ.ദിനേശൻ** പ്രഭാഷണം നടത്തുന്നതാണ്

വി.കെ.ബാബുപ്രകാശ്,
സെക്രട്ടറി .